പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6652 12.07.2012 -ലെ മറുപടി

**ജീവനക്കാരുടെ പെൻഷൻ ബാധ്യതകൾ ഗവൺമെന്റ് ഏറ്റെടുക്കൽ**

**ചോദ്യം** | **ഉത്തരം**

ശ്രീ. സണ്ണി ജോസഫ്
" ജോസഫ് വാഴക്കൻ
" റ്റി.എൻ. പ്രതാപൻ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ഏതൊക്കെ തരത്തിലുള്ള സമൂഹ്യപ്രതിബദ്ധത ഏറ്റെടുക്കുന്നുണ്ട്; ഈ ഇനത്തിൽ പ്രതിവർഷം എത്ര തുക കെ.എസ്.ആർ.ടി.സി.ക്ക് ചെലവാകുന്നുണ്ട്; വിശദമാക്കുമോ? | (എ) | കെ.എസ്.ആർ.ടി.സി സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി വിദ്യാർത്ഥികൾ, പത്രപ്രവർത്തകർ, സ്വാതന്ത്ര്യ സമര സേനാനികൾ, അവരുടെ വിധവകൾ തുടങ്ങിയവർക്ക് പാസ് നൽകി സൗജന്യ നിരക്കിൽ യാത്ര അനുവദിക്കുന്നുണ്ട്. ഇതിനു പുറമെ അംഗവൈകല്യങ്ങൾ ഉള്ളവർ, ബധിര-മൂകർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, തുടങ്ങിയവർക്കും പാസ് നൽകി സൗജന്യ നിരക്കിൽ യാത്ര അനുവദിക്കുന്നുണ്ട്. ഈയിനത്തിൽ പ്രതിവർഷം 141.21 കോടി രൂപ കോർപ്പറേഷന് ചെലവാകുന്നുണ്ട്. |
| (ബി) | ജീവനക്കാരുടെ പെൻഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് ഒരു വർഷം എന്തു തുക ചെലവാകും; | (ബി) | കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻകാർക്ക് പെൻഷൻ നൽകുന്ന ഇനത്തിൽ പ്രതിവർഷം ഏകദേശം 350 കോടി രൂപ ചെലവാകുന്നുണ്ട്. |
| (സി) | സാമൂഹ്യ പ്രതിബദ്ധത കെ.എസ്.ആർ.ടി.സി ഏറ്റെടുക്കുന്ന നിലയ്ക്ക് ജീവനക്കാരുടെ പെൻഷൻ ബാധ്യതകൾ ഗവൺമെന്റ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം കുറയ്ക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി Varma & Varma, Chartered Accountants എന്ന സ്ഥാപനത്തെക്കൊണ്ട് വിശദമായ പഠനം നടത്തുകയും ടി സ്ഥാപനം പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് കോർപ്പറേഷന്റെ പെൻഷൻ ബാധ്യത നിറവേറ്റുന്നതിനായി സർക്കാർ ഗ്രാന്റ് / സബ്സിഡി ലഭ്യമാക്കണമെന്നുള്ള, നിർദ്ദേശം പ്രസ്തുത റിപ്പോർട്ടിലുണ്ട്. ടി-റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ